2025
സെപ്തംബർ
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല

https://schoolwiki.in/150885

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645 littlekites15088@gmail.com

## മേളകളുടെ ആരവത്തിൽ

### ജി എച്ച് എസ് കുറുമ്പാല



കുപ്പാടിത്തറ:2025-26 അധ്യയന വർഷത്തെ സ്കൂൾ കായികമേളയും, ശാസ്ത്രോത്സവും മികവാർന്ന രീതിയിൽസംഘടിപ്പിച്ചു.ശാസ്ത്രോത്സവം സെപ്തംബർ 17 നും കായികമേള 18,19 തിയ്യതികളിലായിട്ടുമായിരുന്നു നടത്തിയത്.

ജില്ലാ,സബ് ജില്ലാ താരങ്ങൾ ദീപശിഖ പ്രയാണത്തിൽ പങ്കെടുത്തു. നിലവിൽ സബ് ജില്ലാ വ്യക്തിഗത മെഡൽ ജേതാവ് നമീറ നസ്റിൻ ദീപശിഖ തെളിയിച്ച് സ്കൂൾ കായികമേളയ്ക്ക് ഉടക്കംകുറിച്ചു.കുട്ടികൾ ബ്ലൂ, ഗ്രീൻ,റെഡ് എന്നീ ഹൗസുകളിലായി മാർച്ച്പാസിൽഅണിനിരന്നു.

മേളയുടെ ഉദ്ഘാടനം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ നിർവ്വഹിച്ചു.പി ടി എ പ്രസിഡൻറ് ശറഫുദ്ദീൻ ഇ കെ അധ്യക്ഷത വഹിച്ചു.ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്,എം പി ടി എ പ്രസിഡൻറ് റജീന മുനീർ, എന്നിവർ പ്രസംഗിച്ചു.പിടിഎ,എംപിടിഎ,എസ് എം സി അംഗങ്ങൾ,അധ്യാപകർ പങ്കെടുത്തു.



എൽ പി കിഡീസ്, യു പി കിഡീസ്, സബ് ജൂനിയർ,ജൂനിയർ എന്നീ വിഭാഗങ്ങളിലായി വിവിധ മത്സരങ്ങൾ നടത്തി.മുഴുവൻ കുട്ടികൾക്കും ചിക്കൻ കറി ഉൾപ്പെടെയുള്ള വിഭവ സമൃദമായ ഉച്ച ഭക്ഷണം നൽകി.വിജയികൾക്ക് സർട്ടിഫിക്കറ്റുകളും, ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടിയ ഹൗസുകാർക്ക് സമാപന ചടങ്ങിൽ ട്രോഫികളും സമ്മാനിച്ചു.

സ്കൂൾ ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹിക ശാസ്ത്ര,പ്രവൃത്തി പരിചയ, ഐ ടി മേളയുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ നടത്തി. മത്സരങ്ങൾക്ക് സബ് ജക്ട് കൺവീനർമാർ നേതൃത്വം നൽകി.





വൈത്തിരി ഉപജില്ലാ തല വോളിബാൾ മത്സരത്തിൽ ജേതാക്കളായ ടീം ജി എച്ച് എസ് കുറുമ്പാല.

# സയൻസ് ലാബ് ഉദ്ഘാടനം ചെയ്തു






കുപ്പാടിത്തറ: വയനാട് ജില്ല പഞ്ചായത്തിൻെറ പദ്ധതി വിഹിതം ഉപയോഗിച്ച് ആധുനിക രീതിയിൽ നവീകരിച്ച കുറുമ്പാല ഗവൺമെൻറ് ഹൈസ്കൂളിലെ സയൻസ് ലാബിൻെറ ഉദ്ഘാടനം വയനാട് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എം മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ അധ്യക്ഷത വഹിച്ചു. എസ് എം സി ചെയർമാൻ ഉസ്മാൻ കാഞ്ഞായി, എം പി ടി എ പ്രസിഡണ്ട് റജീന മുനീർ,പി ടി എ വൈസ് പ്രസിഡണ്ട് ശ്രീനിവാസൻ,വാർഡ് വികസന സമിതി കൺവീനർ ഇ സി അബ്ദുള്ള എന്നിവർ പ്രസംഗിച്ചു.സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദുൽ റഷീദ് സ്വാഗതവും സീനിയർ അസിസ്റ്റൻറ് സിബി ടി വി നന്ദിയും പറഞ്ഞു.ചടങ്ങിൽ പി ടി എ, എം പി ടി എ, എസ് എം സി ഭാരവാഹികൾ, അംഗങ്ങൾ, രക്ഷിതാക്കൾ, അധ്യാപകർ,കുട്ടികൾ പങ്കെടുത്തു.

### രക്ഷിതാക്കൾക്ക്

# സമഗ്ര പ്ലസ് പരിശീലനം നൽകി





കുപ്പാടിത്തറ: കുറുമ്പാല ഗവ. ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ രക്ഷിതാക്കൾക്കായി സമഗ്രാ പ്ലസ് പരിശീലനം നൽകി. വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻെറ നേതൃത്വത്തിലായിരുന്ന പരിശീലനം. പരിഷ്ക്കരിച്ച സമഗ്ര പ്ലസ് പോർട്ടലിലെ വിവിധ ടാബുകൾ രക്ഷിതാക്കളെ പരിചയപ്പെടുത്തുകയും പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. ലേണിംഗ് റൂം, പോഡ് കാസ്റ്റ്, ഇ റിസോഴ്സുകൾ, ഡിജിറ്റൽ ടെക്സ്റ്റ് ബുക്ക്,മോഡൽ ക്വസ്റ്റ്യൻ പേപ്പറുകൾ ഡൗൺലോഡിംഗ് തുടങ്ങിയ കാര്യങ്ങളെ ഫോക്കസ് ചെയ്തായിരുന്ന പരിശീലനം നൽകിയത്. ഒപ്പം സൈബർ സുരക്ഷാ ബോധവത്ക്കരണം നൽകുകയും,സ്കൂൾ വിക്കി പരിചയപ്പെടുത്തുകയുംചെയ്തു.പരിശീലന ക്ലാസിൻെറ ഉദ്ഘാടനം ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് നിർവഹിച്ചു. പരിശീനത്തിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നേതൃത്വം നൽകി.

# പൊതു വിജ്ഞാനം വർദ്ധിപ്പിക്കാൻ

# ഒരു ദിനം ഒരറിവ്

കുപ്പാടിത്തറ:കുട്ടികളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക,പഠന കാര്യങ്ങളിൽ കൂടുതൽ താത്പര്യം ജനിപ്പിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കുറുമ്പാല ഗവ.ഹൈസ്കൂളിന്റെ തനത് പ്രവർത്തനമായ "ഒരു ദിനം ഒരറിവ്" എന്ന പ്രവർത്തനം ശ്രദ്ധേയമാകുന്നു.

ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ നടപ്പിലാക്കുന്ന ഈ പരിപാടിയിൽ എല്ലാ ദിവസവും ഒരു ചോദ്യവും ഉത്തരവും ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ഓരോ മാസവും ഈ ചോദ്യങ്ങൾ ഉപയോഗപ്പെടുത്തി ക്ലാസ് തലത്തിലും,സ്കൂൾതലത്തിലും ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കാനും, തുടർന്ന് മെഗാ ക്വിസ് മത്സരം നടത്താനും വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾനൽകാനുള്ള തീരുമാനത്തോടെയാണ് ഈ പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുള്ളത്. ഹൈസ്കൂൾ വിഭാഗത്തിൽ സോഷ്യൽ സയൻസ് ക്ലബ്ബും എൽ പി,യു പി വിഭാഗങ്ങളിൽ എസ് ആർ ജി യുടെയും നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ചെയ്യുന്നത്.




ഇതേ ആശയത്തോടെ യു പി വിഭാഗത്തിൽ "ഒരു നല്ലറിവിന് ഒരു പൊതി സമ്മാനം" എന്ന മത്സരവും സോഷ്യൽസയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

# SSSS ക്ലബ്ബിന്റെ ബോധവത്ക്കരണ-പരിശീലന ക്ലാസുകൾ







കുപ്പാടിത്തറ:സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഫസ്റ്റ് എയ്ഡ്,ജീവിത ശൈലി രോഗങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ച് ബോധവത്ക്കരണ ക്ലാസുകളും,യോഗ പരിശീലനവും നൽകി.പരിപാടികളുടെഉദ്ഘാടനം സ്കൂൾ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് നിർവ്വഹിച്ചു. ബോധവത്ക്കരണ ക്ലാസിന് കുപ്പാടിത്തറ പി എച്ച് സി യിലെ ഡോ.ദിൽഷാന, ഹെൽത്ത് ഇൻസ്പെക്ടർ ജിതിൻ, സ്റ്റാഫ് നഴ്സുമാ രായ ധന്യ,ലിപ്സി എന്നിവരും, യോഗ പരിശീലനത്തിന് ഡോ.ഫിദയും നേതൃത്വം നൽകി. 4S കൺവീനർമാരായ സുധീഷ് വി സി,ജീന ഇ എസ് എന്നിവർ കോർഡിനേറ്റ് ചെയ്തു.

# സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണം









കുപ്പാടിത്തറ: സംസ്ഥാനത്തെപൊതു വിദ്യാലയങ്ങളിൽ സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി കുറുമ്പാല ഗവ.ഹൈസ്കൂളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾസംഘടിപ്പിച്ചു.രക്ഷിതാക്കൾക്കും കുട്ടികൾക്കുമുള്ള അവബോധക്ലാസുകൾ,പ്രതിജ്ഞ,റോബോട്ടിക് എക്സിബിഷൻ, ഡിജിറ്റൽ ചിത്രരചന, പ്രദർശനം,തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.പരിപാടികളുടെ ഉദ്ഘാടനം സ്കൂൾ ഹെഡ് മാസ്റ്റർ കെ അ ബ്ദുൾ റഷീദ് നിർവ്വഹിച്ചു.പ്രവർത്തനങ്ങൾക്ക് ലിറ്റിൽ കൈറ്റ്സ് മെൻറർമാരായ ഹാരിസ് കെ,അനില എസ്, എൽ കെ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

# ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് സംഘടിപ്പിച്ചു










കുപ്പാടിത്തറ:2025-28 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പ്രിലിമിനറി ക്യാമ്പ് 24-09-2025 ന് ബുധനാഴ്ച്ച സ്കൂളിൽ സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ബോധ്യപ്പെടുത്തുക, ലിറ്റിൽകൈറ്റ്സ് പ്രവർത്തനപദ്ധതികളെക്കുറിച്ചുള്ള പൊതുവായ ധാരണ നൽകുക, ഹൈടെക് ക്ലാസ്സുറികളിലെ പിന്തുണാ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ സജ്ജമാക്കുക, ലിറ്റിൽ കൈറ്റ്സ് പദ്ധതി പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിന് രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. രാവിലെ പത്ത് മണി മുതൽ മൂന്ന് മണിവരെ കുട്ടികൾക്കും മൂന്ന് മുതൽ 4.30 വരെ രക്ഷിതാക്കൾക്കുമായിരുന്നു പരിശീലനം.ബാച്ചിലെ 30 കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു.ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.കൈറ്റ് മാസ്റ്റർ ട്രൈനർ ജിൻഷാ തോമസ്,ലിറ്റിൽ കൈറ്റ്സ് മെൻറർമാരായ ഹാരിസ് കെ, അനില എസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.ഈ വർഷവും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് യൂണിഫോം,ഐ ഡി കാർഡ് എന്നിവ ജില്ലയിൽ ഏറ്റവും ആദ്യം ഒരുക്കിയ യൂണിറ്റാണ് കുറുമ്പാല.

## രുചിക്കൂട്ടൊരുക്കി മൂന്നാം ക്ലാസുകാരുടെ പലഹാര മേള



കുപ്പാടിത്തറ:വിവിധ പലഹാരങ്ങൾ പരിചയപ്പെടുക,പലഹാരങ്ങളുടെ രുചികളറിയുക എന്ന ഉദ്ദേശ്യത്തോടെ മൂന്നാം ക്ലാസിലെ മലയാളം പാഠഭാഗത്തെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ലാസിൽ പലഹാരമേള സംഘടിപ്പിച്ചു.ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.ക്ലാസ് ടീച്ചർ അന്നമ്മ പി യു മേള കോർഡിനേറ്റ് ചെയ്തു.

## സ്റ്റാറുകാരെ അനുമോദിച്ച് ഉർദു ക്ലബ്ബ്



കുപ്പാടിത്തറ.ഉർദു ഭാഷാ ക്ലാസിൽ പഠന പ്രവർത്തനങ്ങളിൽ മികവ് പുലർത്തി ഏറ്റവും കൂടുതൽ "സ്റ്റാർ" നേടിയ നമീറ നസ്റിൻ (5B),ഷബീല ഷെറിൽ(6B),മുഹമ്മദ് സഹലുദ്ദീൻ(7B), നിദ ഫാത്തിമ(8B) എന്നിവർക്ക് ഉർദു ക്ലബ്ബ് ഒരുക്കിയ ഉപഹാരം സ്കൂൾ അസംബ്ലിയിൽ ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് വിതരണം ചെയ്തു



സ്കൂൾ സ്റ്റാർ ഗ്രൂപ്പ് അംഗങ്ങൾ (സെപ്റ്റംബർ-2025) ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സാറിനൊപ്പം



ദീപിക കളറിംഗ് മത്സരത്തിൽ സ്കൂൾ തല ജേതാക്കൾ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സാറിനും,മത്സര കോർഡിനേറ്റർ അന്നമ്മ ടീച്ചർക്കും ഒപ്പം.



ടീൻസ് ക്ലബ്ബ് കുട്ടികൾക്കായി സംഘടിപ്പിച്ച ബോധവത്ക്കരണ ക്ലാസിന് തരിയോട് ഫാമിലി ഹെൽത്ത് സെൻറർ കൗൺസിലർ മുഹമ്മദലി സർ നേതൃത്വം നൽകി.




## സ്കൂൾ തല ശാസ്ത്രോത്സവം-2025



## പിറന്നാളിനൊരു പൂച്ചെടി



വാർത്തകൾ തയ്യാറാക്കിയത്: അയിഷ ഫിദ,നജീബ, അഫ്ന ഷെറിൻ